**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ജീവനക്കാര്യം - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്- കംപ്യൂട്ടർ വത്ക്കരണം - സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് /ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി വരിക്കാരുടെ മുൻകാല പ്രീമിയം/വരിസംഖ്യ അടവ് വിവരങ്ങൾ ഡ്രായിംഗ് & ഡിസ്ബഴ്സിംഗ് ആഫീസർമാർ മുഖേന ശേഖരിച്ച് 'വിശ്വാസ്' സോഫ്റ്റ്‌വെയർ ഡാറ്റാബേസിന്റെ ഭാഗമാക്കുന്നതിനുള്ള ഫൈനൽ സബ്മിഷൻ സമയപരിധി 30.04.2018 വരെ ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

**സ.ഉ (അച്ചടി) നം.49/2018/ധന** **തിരുവനന്തപുരം,തീയതി : 24/03/2018**

പരാമർശം - (1) 28/07/2017 ലെ സ.ഉ.(അച്ചടി) നം. 97/2017/ധന

(2) 30/11/2017 ലെ സ.ഉ.(അച്ചടി) നം. 152/2017/ധന

(3) 17/01/2018 ലെ സ.ഉ.(അച്ചടി) നം. 10/2018/ധന

(4) ഇൻഷ്വറൻസ് ഡയറക്ടർ ഇൻ-ചാർജ്ജിന്റെ 30/01/2018 ലെ ഇൻഷ്വ/ഡവ. വിംഗ്/ഡി.വി.2/13349/16 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് /ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി വരിക്കാരുടെ മുൻകാല പ്രീമിയം/വരിസംഖ്യ അടവ് വിവരങ്ങൾ ഡ്രായിംഗ് & ഡിസ്ബഴ്സിംഗ് ആഫീസർമാർ മുഖേന ശേഖരിച്ച് 'വിശ്വാസ്' സോഫ്റ്റ്‌വെയർ ഡാറ്റാബേസിന്റെ ഭാഗമാക്കുന്നതിനുള്ള സമയപരിധി 30.11.2017 ആയി നിശ്ചയിക്കുകയും പരാമർശം (2), (3) ഉത്തരവുകൾ പ്രകാരം ടി സമയപരിധി 31.01.2018 വരെ ദീർഘിപ്പിക്കുകയുമുണ്ടായി. എന്നാൽ പ്രീമിയം കിഴിവ് വിവരങ്ങൾ ജീവനക്കാർ ജോലിചെയ്ത വിവിധ ഓഫീസുകളിൽ നിന്ന് പാസ്സ് ബുക്കിൽ രേഖപ്പെടുത്തി സമർപ്പിക്കാനെടുക്കുന്ന കാലതാമസം ഉൾപ്പെടെയുള്ള അപ്രതീക്ഷിതമായ ചില കാരണങ്ങളാൽ നിലവിലെ ഡാറ്റാ എൻട്രി പ്രതീക്ഷിച്ച തോതിൽ പുരോഗമിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത ജോലി പൂർത്തീകരിക്കേണ്ട സമയപരിധി നിയന്ത്രിതമായ രീതിയിൽ ദീർഘിപ്പിക്കണമെന്ന് പരാമർശം (4) ലെ കത്തിലൂടെ ഇൻഷ്വറൻസ് ഡയറക്ടർ അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് /ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി വരിക്കാരുടെ മുൻകാല പ്രീമിയം/വരിസംഖ്യ അടവ് വിവരങ്ങൾ ഡ്രായിംഗ് & ഡിസ്ബഴ്സിംഗ് ആഫീസർമാർ മുഖേന ശേഖരിച്ച് 'വിശ്വാസ്' സോഫ്റ്റ്‌വെയർ ഡാറ്റാബേസിന്റെ ഭാഗമാക്കുന്നതിനുള്ള സമയപരിധി 30.04.2018 ആയി ദീർഘിപ്പിച്ച് ഉത്തരവാകുന്നു. എല്ലാ ഡി.ഡി.ഒ.മാരും പ്രസ്തുത കാലപരിധിക്കുള്ളിൽ തങ്ങളുടെ കീഴിലുള്ള ജീവനക്കാരുടെ പ്രീമിയം/വരിസംഖ്യ അടവ് വിവരങ്ങളുടെ ഡാറ്റാ എൻട്രി പൂർത്തിയാക്കേണ്ടതാണ്. ഡ്യൂപ്ലിക്കേറ്റ് പാസ്സ്ബുക്കുകൾ ലഭിക്കുന്നതിലെ കാലതാമസം, പോളിസി/അക്കൗണ്ട് എന്നിവ റിവൈവൽ ഉത്തരവാകുന്നതിലെ കാലതാമസം, സ്പാർക്ക് വെബ് സർവ്വീസിലെ സാങ്കേതിക പ്രശ്നങ്ങൾ

തുടങ്ങിയവ കാരണം ഡാറ്റാ എൻട്രി പൂർത്തിയാക്കുവാൻ കഴിയാത്ത ജീവനക്കാരുടെ വിവരങ്ങൾ വിശ്വാസിൽ രേഖപ്പെടുത്തി സമർപ്പിച്ചതിനുശേഷം പ്രസ്തുത ജീവനക്കാരെ ഒഴിവാക്കി, ശേഷിക്കുന്ന ജീവനക്കാരുടെ ലഭ്യമായ എല്ലാ പാസ്സ്ബുക്കുകളുടേയും ഡാറ്റാ എൻട്രി പൂർത്തിയാക്കി 30/04/2018 ന മുമ്പായി വിശ്വാസിൽ ഫൈനൽ സബ്മിഷൻ നടത്തേണ്ടതാണ്. പ്രസ്തുത തീയതിയ്ക്കുശേഷവും ഫൈനൽ സബ്മിഷൻ നടത്താത്ത ഡി.ഡി.ഒ. മാരുടെ ഡാറ്റാ എൻട്രി പൂർത്തിയാക്കിയതായി കണക്കാക്കി സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്നതാണ്. 30/04/2018 ന ശേഷം ഡാറ്റാ എൻട്രിയ്ക്കുള്ള സമയ പരിധി ദീർഘിപ്പിച്ച് നല്കുന്നതല്ല എന്നും പ്രസ്തുത തീയതിക്കുള്ളിൽ ഡാറ്റാ എൻട്രി നടത്താതിരിക്കുകയും ഡാറ്റാ എൻട്രിയിൽ നിന്നും ഒഴിവാക്കുന്നതിന് വിശ്വാസിലൂടെ അപേക്ഷ സമർപ്പിക്കാതിരിക്കുകയും ചെയ്തിട്ടുള്ള ജീവനക്കാർ തങ്ങളുടെ എസ്.എൽ.ഐ./ജി.ഐ.എസ്. രേഖകൾ 'വിശ്വാസ്' ഡാറ്റാബേസിന്റെ ഭാഗമാക്കുന്നതിന് അതാത് ജില്ലാ ഇൻഷ്വറൻസ് ഓഫീസുമായി ബന്ധപ്പെട്ട് സ്വയം ചെയ്യേണ്ടതാണെന്നും മേൽ നിർദ്ദേശം പാലിക്കാത്ത ജീവനക്കാർക്ക് ഭാവിയിൽ എസ്.എൽ.ഐ./ജി.ഐ.എസ്. എന്നിവ സംബന്ധിച്ച് സേവനങ്ങൾക്ക് ഉണ്ടാകാനിടയുള്ള എല്ലാ ബുദ്ധിമുട്ടുകൾക്കും ഉത്തരവാദിത്തം പ്രസ്തുത ജീവനക്കാരനും ബന്ധപ്പെട്ട ഡ്രായിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസർക്കുമായിരിക്കും എന്നും ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ഡോ: ഷർമിള മേരി ജോസഫ്,**
**സെക്രട്ടറി (ധനകാര്യം-വ്യയം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ജി.&എസ്. എസ്. എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ ( ഇ & ആർ. എസ്. എ ) കേരള, തിരുവനന്തപുരം.
എല്ലാ മന്ത്രിമാരുടേയും പ്രതിപക്ഷനേതാവിന്റേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
എല്ലാ ഭരണ വകുപ്പുകൾക്കും.
എല്ലാ വകുപ്പധ്യക്ഷൻമാർക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
എല്ലാ ഡി.ഡി.ഒ. മാർക്കും.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
പി. ആർ. ഡി. ഡയറക്ടർക്ക്.
എല്ലാ യൂണിവേഴ്സിറ്റി രജിസ്ട്രാർമാർക്കും
എല്ലാ പൊതുമേഖലാ സ്ഥാപനമേധാവികൾക്കും
ഡയറക്ടർ , കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്, തിരുവനന്തപുരം
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ